# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3481

25.06.2012 -ൽ മറുപടിയ്ക്ക്

## നന്ദാവനം എ. ആർ. ക്യാമ്പിലെ വെടിവയ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ പി. റ്റി. എ. റഹീം<br>" രാജു എബ്രഹാം<br>" വി. ശിവൻ കുട്ടി<br>" ആർ. രാജേഷ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) നന്ദാവനം പോലീസ് എ. ആർ. ക്യാമ്പിൽ ഗൺമാൻ വെടിയുതിർത്ത് ഭീകരാന്തരീക്ഷം സൃഷ്ടിച്ചത് സംബന്ധിച്ച അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ക്യാമ്പിലെജീവനക്കാരും ഗൺമാനുമായുണ്ടായ വാക്ക് തർക്കത്തിനിടയിൽ ഗൺമാൻ എത്ര പ്രാവശ്യം വെടിവെച്ചു; സംഭവത്തിൽ ആർക്കെങ്കിലും പരിക്ക് പറ്റുകയുണ്ടായോ; രണ്ടു പേർ അത്ഭുതകരമായി രക്ഷപ്പെടുകയായിരുന്നു എന്നറിയുന്നത് ശരിയാണോ ; | (ബി) സ്പെഷ്യൽ ബ്രാഞ്ച് സി. ഐ. ഡി സെക്യൂരിറ്റി വിഭാഗത്തിൽ ജോലി ചെയ്യുന്ന ശ്രീ ഉമേഷ് കെ വി, CPO 5781, 2.6.12 ൽ നന്ദാവനം എ. ആർ ക്യാമ്പിൽ വച്ച് തന്റെ പിസ്റ്റൾ വൃത്തിയാക്കുന്നതിനിടയിൽ അബദ്ധവശാൽ വെടി ഉതിരുകയുണ്ടായി. സംഭവത്തിൽ ആർക്കുംതന്നെ പരിക്ക് പറ്റിയിട്ടില്ല. |
| (സി) സംഭവത്തെ തുടർന്ന് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായോ; ഇല്ലെങ്കിൽ കാരണമെന്ത്; | (സി) കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ ശ്രീ. ഉമേഷിനെതിരെ വകുപ്പ് തലത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) സംസ്ഥാന മന്ത്രിസഭയിലെ ഏത് മന്ത്രിയുടെ ഗൺമാനാണ് വെടിയുതിർത്തത്; വിശദമാക്കാമോ; ഗൺമാൻ ഇപ്പോഴും സർവ്വീസിലുണ്ടോ ? | (ഡി) ബഹു. സഹകരണ വകുപ്പ് മന്ത്രി ശ്രീ. സി.എൻ ബാലകൃഷ്ണന്റെ ഗൺമാനായാണ് ശ്രീ. ഉമേഷ് പ്രവർത്തിച്ചിരുന്നത്. ഗൺമാൻ ഇപ്പോഴും സർവ്വീസിലുണ്ട്. എന്നാൽ ടിയാനെ ബഹു. മന്ത്രിയുടെ സുരക്ഷാചുമതലയിൽ നിന്നും ഒഴിവാക്കുന്ന കാര്യം പരിഗണിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ